"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിജിലൻസ് വകുപ്പ് - വി.സി.2/2016/കെ.എസ്.ഡി നമ്പർ വിജിലൻസ് കേസിലെ കുറ്റാരോപിതരായ A1. ശ്രീ.എ.വി.രാജീവൻ, (സിവിൽ എക്സൈസ് ഓഫീസർ), A2. ശ്രീ.വി.പ്രസന്നകുമാർ (എക്സൈസ് പ്രിവന്റീവ് ഓഫീസർ) എന്നിവർക്കെതിരെ കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ മുഖേന അന്വേഷണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.8/2023/VIG തീയതി,തിരുവനന്തപുരം, 20-11-2023

---

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 28.04.2021-ലെ സി6 - (വി.സി.2/2016/കെ.എസ്.ഡി) 6469/2016 നമ്പർ കത്ത്.
2. ബഹു: തലശ്ശേരി വിജിലൻസ് കോടതിയുടെ 28.02.2022-ലെ ഉത്തരവ്.
3. 04.04.2022 ലെ വിജി-എ2/179/2021-വിജി നമ്പർ സർക്കാർ കത്ത്.
4. 25.10.2022 തീയതിയിലെ വിജി-എ2/179/2021-വിജി നമ്പർ കുറ്റാരോപണ മെമ്മോ.
5. എക്സൈസ് കമ്മിഷണറുടെ 14.02.2023 ലെ XE-4-190/2016 നമ്പർ കത്ത്.
6. സിവിൽ എക്സൈസ് ഓഫീസർ, ശ്രീ.എ.വി.രാജീവൻ സമർപ്പിച്ച 09.01.2023 തീയതിയിലെ എതിർവാദ പത്രിക.
7. ശ്രീ.വി.പ്രസന്നകുമാർ (സിവിൽ എക്സൈസ് ഓഫീസർ) സമർപ്പിച്ച 05.01.2023 തീയതിയിലെ എതിർവാദ പത്രിക.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം വാമഞ്ചൂർ നാഷണൽ ഹൈവേയിൽ സ്ഥിതി ചെയ്യുന്ന എക്സൈസ് ചെക്ക് പോസ്റ്റിൽ 31.12.2015 തീയതിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ബ്യൂറോയുടെ കാസർഗോഡ് യൂണിറ്റിൽ 11/03/2016 തീയ്യതിയിൽ വി.സി.2/2016/കെ.എസ്.ഡി നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും കേസന്വേഷണത്തിൽ 30.12.2015 തീയതി രാത്രി 10.00 മണിക്കും 31.12.2015 തീയതി രാവിലെ 6.00 മണിക്കും ഇടയിൽ മഞ്ചേശ്വരം എക്സൈസ് ചെക്പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർ താമസിക്കുന്ന വാടക വീട്ടിലും എക്സൈസ് ചെക്ക്പോസ്റ്റിലും, 31.12.2015 തീയതി 7.20 മണിക്കു നടത്തിയ മിന്നൽ പരിശോധനയിൽ പ്രതികളായ ഉദ്യോഗസ്ഥന്മാർ വാടകയ്ക്ക് എടുത്ത കെട്ടിടത്തിൽ നിന്നും കണക്കിൽപെടാത്ത തുകയായ 22,230 രൂപ(ഇരുപത്തി രണ്ടായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ മാത്രം) കണ്ടെടുത്തു എന്നും ആയതു ഡ്യൂട്ടിക്കിടയിൽ വാങ്ങിയ കൈക്കൂലി ആണെന്ന് വെളിവായത് പ്രകാരം വിജിലൻസ് കേസിലെ അന്വേഷണം പൂർത്തിയാക്കി അന്വേഷണ ഉദ്യോഗസ്ഥൻ ഒന്നുമുതൽ

നാലുവരെയുള്ള പ്രതികൾക്കെതിരെ (A1.ശ്രീ.എ.വി.രാജീവൻ, സിവിൽ എക്സൈസ് ഓഫീസർ, A2.ശ്രീ.വി.പ്രസന്നകുമാർ, സിവിൽ എക്സൈസ് ഓഫീസർ, A3. ശ്രീ.എം.വി.ബാബുരാജ്, അസിസ്റ്റൻറ് എക്സൈസ് ഇൻസ്പെക്ടർ, A4. ശ്രീ.എം.പവിത്രൻ പ്രിവന്റീവ് ഓഫീസർ) പ്രോസിക്യൂഷൻ നടപടികൾ ശിപാർശ ചെയ്തിരുന്നു. മതിയായ തെളിവുകളുടെ അഭാവത്തിൽ വിജയകരമായ പ്രോസിക്യൂഷൻ നടപടി സാദ്ധ്യമല്ലെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ കേസിലെ കുറ്റാരോപിതരായ A1.ശ്രീ.എ.വി.രാജീവൻ, സിവിൽ എക്സൈസ് ഓഫീസർ & A2 ശ്രീ.വി.പ്രസന്നകുമാർ, സിവിൽ എക്സൈസ് ഓഫീസർ എന്നിവർക്കെതിരെ ട്രിബ്യൂണൽ എൻക്വയറിക്കും, സർവ്വീസിൽ നിന്നും വിരമിച്ച A3. ശ്രീ.എം.വി.ബാബുരാജ്, അസിസ്റ്റൻറ് എക്സൈസ് ഇൻസ്പെക്ടർ, A4. ശ്രീ.എം.പവിത്രൻ, പ്രിവന്റീവ് ഓഫീസർ എന്നിവർക്കെതിരെ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി ഉചിതമായ നടപടികൾ സ്വീകരിക്കുവാനും ശിപാർശ ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു. അപ്രകാരം ബഹു:തലശ്ശേരി വിജിലൻസ് കോടതിയിൽ സമർപ്പിച്ച അന്തിമ റിപ്പോർട്ട് ബഹു.തലശ്ശേരി വിജിലൻസ് കോടതി പരാമർശം (2) പ്രകാരം അംഗീകരിക്കുകയും ചെയ്തു.

2. സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും A3 & A4 എന്നിവർക്കെതിരെ KSR Part III Rule 59 c & d പ്രകാരമുള്ള തുടർനടപടികൾക്കായി സർക്കാരിലെ നികുതി വകുപ്പിന് പരാമർശം (3) പ്രകാരം റിപ്പോർട്ടിന്റെ പകർപ്പ് കൈമാറുകയും A1- ശ്രീ.എ.വി.രാജീവൻ, A2- ശ്രീ.വി.പ്രസന്നകുമാർ, എന്നീ കുറ്റാരോപിതർക്കെതിരെ ട്രിബ്യൂണൽ എൻക്വയറി നടത്തുന്നതിന് താത്കാലിക തീരുമാനം കൈക്കൊണ്ട് കുറ്റാരോപിതർക്കുമേൽ ചുവടെ പറയുന്ന കുറ്റങ്ങൾ ചുമത്തി പരാമർശം (4) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

<u>**ശ്രീ.എ.വി രാജീവൻ, സിവിൽ എക്സൈസ് ഓഫീസർക്കെതിരായ കുറ്റങ്ങൾ**</u>

*" താങ്കൾ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം എക്സൈസ് ചെക്ക് പോസ്റ്റിൽ സിവിൽ എക്സൈസ് ഓഫീസറായി 23/11/2015 മുതൽ ജോലി ചെയ്തുവരവേ, 30.12.2015 തീയ്യതി രാത്രി 10 മണി മുതൽ 31.12.2015 തീയ്യതി രാവിലെ 6 മണിവരെയുള്ള ടേൺ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന നിങ്ങളും സിവിൽ എക്സൈസ് ഓഫീസർ ശ്രീ. വി പ്രസന്നകുമാർ എന്നവരും മറ്റും ഒത്തു ചേർന്ന് കൂട്ടായ തീരുമാനത്തിലൂടെ അന്നേ ദിവസം ചെക്ക് പോസ്റ്റിലൂടെ കടന്നു പോയ ചരക്കു വാഹനങ്ങളിൽ നിന്നും കൈക്കൂലിയായി 22,230/-രൂപ കൈപ്പറ്റിയതായും ആയത് നിങ്ങൾ വിശ്രമത്തിനായി ഉപയോഗിച്ചു വന്നിരുന്ന XIII ൽ 408-ാം നമ്പർ വീട്ടിൽ നിന്നും കണ്ടെടുത്തതായും വെളിവായിട്ടുണ്ട്.*

*മേൽ വിവരിച്ച ക്രമക്കേടുകൾ വഴി താങ്കൾ തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് കൃത്യ നിർവഹണത്തിൽ കുറ്റകരമായ വീഴ്ച വരുത്തിയതായി കാണപ്പെടുന്നു. മേപ്പടി പ്രവർത്തികൾ താങ്കളുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപവും ക്രമക്കേടുമായതിനാലും ഒരു സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ അനുചിതമായി കാണുന്നതിനാലും താങ്കൾക്കെതിരെ ഒരു വിജിലൻസ് ട്രൈബ്യൂണൽ വിചാരണ അനിവാര്യമായി വന്നിരിക്കുന്നു. "*

<u>**ശ്രീ.പ്രസന്നകുമാർ.വി, സിവിൽ എക്സൈസ് ഓഫീസർക്കെതിരായ കുറ്റങ്ങൾ**</u>

*" താങ്കൾ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം എക്സൈസ് ചെക്ക് പോസ്റ്റിൽ സിവിൽഎക്സൈസ് ഓഫീസറായി 28/11/2015 മുതൽ ജോലി ചെയ്തുവരവേ, 30.12.2015 തീയ്യതി രാത്രി 10 മണി മുതൽ 31.12.2015 തീയ്യതി രാവിലെ 6 മണിവരെയുള്ള ടേൺ ഡ്യൂട്ടിയിൽ*

*ഉണ്ടായിരുന്ന നിങ്ങളും സിവിൽ എക്സൈസ് ഓഫീസർ ശ്രീ.രാജീവൻ എന്നവരും മറ്റും ഒത്തു ചേർന്ന് കൂട്ടായ തീരുമാനത്തിലൂടെ അന്നേ ദിവസം ചെക്ക് പോസ്റ്റിലൂടെ കടന്നു പോയ ചരക്കു വാഹനങ്ങളിൽ നിന്നും കൈക്കൂലിയായി 22,230/-രൂപ കൈപ്പറ്റിയതായും ആയത് നിങ്ങൾ വിശ്രമത്തിനായി ഉപയോഗിച്ചു വന്നിരുന്ന XIII ൽ 408-ാം നമ്പർ വീട്ടിൽ നിന്നും കണ്ടെടുത്തതായും വെളിവായിട്ടുണ്ട്.*

*മേൽ വിവരിച്ച ക്രമക്കേടുകൾ വഴി താങ്കൾ തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് കൃത്യ നിർവഹണത്തിൽ കുറ്റകരമായ വീഴ്ച വരുത്തിയതായി കാണപ്പെടുന്നു. മേപ്പടി പ്രവർത്തികൾ താങ്കളുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപവും ക്രമക്കേടുമായതിനാലും ഒരു സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ അനുചിതമായി കാണുന്നതിനാലും താങ്കൾക്കെതിരെ ഒരു വിജിലൻസ് ട്രൈബ്യൂണൽ വിചാരണ അനിവാര്യമായി വന്നിരിക്കുന്നു. "*

3. കുറ്റാരോപിതരുടെ കൈപ്പറ്റു രസീതും ആവശ്യപ്പെട്ട മറ്റു വിവരങ്ങളും പരാമർശം (5) പ്രകാരം എക്സൈസ് കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി. പരാമർശം (6), (7) പ്രകാരം കുറ്റാരോപിതർ സമർപ്പിച്ച എതിർവാദ പത്രികയിൽ കുറ്റാരോപിതൻ ആരോപണങ്ങളെല്ലാം നിഷേധിക്കുകയുണ്ടായി.

4. തങ്ങളുടെ ഡ്യൂട്ടി ടേൺ കഴിഞ്ഞു പോയ ശേഷമാണു മിന്നൽ പരിശോധന നടത്തിയതെന്നും 22,230/- രൂപ വാടക വീട്ടിൽ നിന്നും കണ്ടെടുത്തു എന്ന് പറയുന്നതു സത്യവിരുദ്ധമാണെന്നും ടി വാടക വീട് ടിയാൻ ഒരിക്കലും ഉപയോഗിച്ചിട്ടില്ലെന്നും അപ്രകാരം വാടക എഗ്രിമെന്റൊന്നും തന്റെ പേരിൽ ഇല്ലെന്നും തന്റെ ഡ്യൂട്ടി അവസാനിച്ച് കഴിഞ്ഞു അന്നേദിവസം ടിയാന് ഏഡ് ഇൻഫെക്ഷൻ ആയതിനാൽ ടിയാൻ ഹോസ്പിറ്റലിൽ പോകുകയാണ് ചെയ്തതെന്നും ടി വീട്ടിൽ നിന്നും തന്റെ വസ്തുക്കളൊന്നും കണ്ടെത്തിയിട്ടില്ലെന്നും അവിടെ യൂണിഫോം പ്രകാരം ഉണ്ടായിരുന്ന ഉദ്യോഗസ്ഥരെയും മിന്നൽ പരിശോധന വേളയിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥരെയും ഒഴിവാക്കി ഡ്യൂട്ടി കഴിഞ്ഞു പോയ തങ്ങളുടെ പേരിൽ മെമ്മോ നൽകിയത് സ്വാഭാവിക നീതിയുടെ ലംഘനമാണെന്നും വാഹനങ്ങൾ പരിശോധിച്ച് ബില്ലുകൾ സാക്ഷ്യപ്പെടുത്തി കടത്തി വിടാനുള്ള പൂർണ അധികാരം മേലധികാരികൾക്കാണെന്നും തനിക്കെതിരെ തെളിവില്ലാതെയാണ് ആരോപണം ഉന്നയിക്കുന്നതെന്നും ടി ചെക്ക്പോസ്റ്റിലെ നിരന്തരമായ വാഹന പരിശോധന നിമിത്തം സ്പിരിറ്റ് /മണൽ മാഫിയകളോ മറ്റോ വകുപ്പിന് കളങ്കം വരുത്താൻ മനപ്പൂർവം ചെയ്തതാകാമെന്നും തനിക്കെതിരെയുള്ളത് പൊതുവായ കുറ്റാരോപണം മാത്രമാണെന്നും ഇത് സംബന്ധിച്ച് തനിക്കെതിരെ പരാതികൾ ആരും ഉന്നയിച്ചിട്ടില്ലെന്നും കൂടാതെ കുറ്റപത്രത്തിന്റെ സമയത്തു തന്നെ വിജിലൻസ് ട്രിബ്യൂണലിനെകൊണ്ടു അന്വേഷിപ്പിക്കാൻ തീരുമാനിച്ചത് തനിക്കെതിരെയുള്ള പക്ഷപാതപരവും മുൻവിധിയോടെയുമുള്ള സമീപനമാണെന്നും അതിനാൽ കുറ്റപത്രം അസാധുവായി കാണേണ്ടിവരുമെന്നും മറ്റും ശ്രീ.എ.വി.രാജീവൻ വാദിക്കുകയും ചെയ്തു. ശ്രീ.വി.പ്രസന്നകുമാറും സമാനമായ വാദങ്ങൾ തന്നെയാണ് ഉന്നയിച്ചത്. രണ്ടുപേരും തങ്ങളെ നേരിൽ കേൾക്കുന്നതിന് അവസരം തരണമെന്ന് അപേക്ഷിച്ചിട്ടുള്ളതിൻപ്രകാരം വിജിലൻസ് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാന്മാരെ 11.09.2023 രാവിലെ 11.30-നു നേരിൽ കേൾക്കുകയും ചെയ്തു.

5. പ്രതിവാദ പത്രികയിൽ പറഞ്ഞ കാര്യങ്ങൾ തന്നെ ടി രണ്ട് ഉദ്യോഗസ്ഥരും ഹിയറിംഗ് വേളയിലും ആവർത്തിച്ചു. കൂടാതെ, 30/12/2015-ൽ രാത്രി 10 മണി മുതൽ 6 മണി വരെ തങ്ങൾക്കു പുറമെ എക്സൈസ് ഇൻസ്പെക്ടർ ശ്രീകുമാർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ(AEI), M.V ബാബുരാജ് (AEI), CEO പവിത്രൻ എന്നിവരും ഡ്യൂട്ടിയിൽ ഉണ്ടായിരുന്നെങ്കിലും തങ്ങൾ 2 പേർക്കു മാത്രമാണ് മെമ്മോ നൽകിയിരിക്കുന്നതെന്നും വാഹനങ്ങൾ പരിശോധിച്ച് കടത്തി വിടാനുള്ള പൂർണ ഉത്തരവാദിത്തം മേൽ ഉദ്യോഗസ്ഥർക്കായിരുന്നിട്ടും ഏറ്റവും താഴെ തട്ടിലുള്ള തങ്ങളുടെ മേൽ കുറ്റം ചാർത്തിയിരിക്കുകയാണെന്നും എക്സൈസ് ഉദ്യോഗസ്ഥർ വിശ്രമത്തിനായി താമസിക്കുന്ന ചെക്പോസ്റ്റിൽ നിന്നും 100 മീറ്റർ മാറിയുള്ള കെട്ടിടത്തിന്റെ 408 നമ്പർ റൂമിൽ നിന്നാണ് കണ്ടെത്തിയതെന്നും തങ്ങളുടെ കൈവശത്തു നിന്നോ വാഹനത്തിൽ നിന്നോ പണം കണ്ടെത്തിയിട്ടില്ലെന്നും വിജിലൻസ് റെയ്ഡ് ഉണ്ടായത് തങ്ങളുടെ ഡ്യൂട്ടി ടേൺ (6 am) കഴിഞ്ഞ് 7.30 നാണെന്നും തത്സമയം മറ്റ് ഉദ്യോഗസ്ഥരാണ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്നതെന്നും തങ്ങൾ ഉപയോഗിക്കാത്ത റൂമിൽ നിന്നും പണം പിടിച്ചെടുത്തതിന് തങ്ങൾക്കെതിരെ മാത്രം മെമ്മോ നൽകി മറ്റുള്ളവരെ ഒഴിവാക്കിയത് നീതി ലംഘനമാണെന്നും മറ്റും നേരിൽ കേട്ട വേളയിൽ കുറ്റാരോപിതർ ബോധിപ്പിച്ചു.

6. സർക്കാർ ഒരിക്കൽ കൂടി വിഷയം വിശദമായി പരിശോധിച്ചു. ജനറൽ ഡയറി പ്രകാരം 30/12/2015 നു 10 pm മുതൽ 31/12/2015 6 am വരെ 6 പേർക്ക് ഡ്യൂട്ടി ടേൺ നിശ്ചയിച്ചിട്ടുണ്ടെങ്കിലും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ (PCDR) പ്രകാരവും, അറ്റൻഡൻസ് രജിസ്റ്റർ പ്രകാരവും വിജിലൻസ് റിപ്പോർട്ടിൽ പറയുന്ന 4 പേർ തന്നെയാണ് ടി ടേണിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നത് എന്ന് വ്യക്തമാണ്. 31/12/2015ന് രാവിലെ 6 മണിക്ക് ഡ്യൂട്ടി കഴിഞ്ഞ് ശ്രീ. രാജീവനും പ്രസന്നകുമാറും ഗാർഡുകൾ താമസിക്കുന്ന റൂമിൽ പോയിട്ടുള്ളതാണെന്നു ടിയാളുകൾ തന്നെ പറയുന്നുണ്ട്. ആയതിനാൽതന്നെ ശ്രീ. രാജീവന്റെ യാതൊരു വസ്തുവും റൂമിൽ നിന്നും വിജിലൻസ് പിടിച്ചെടുത്തില്ല എന്നതുകൊണ്ട് മാത്രം ടിയാനെ സംശയത്തിന്റെ നിഴലിൽ നിന്നും ഒഴിവാക്കാനാകില്ല. ടി പണം ടി കെട്ടിടത്തിൽ 20 ബണ്ടിലുകളിലായി മുറിയിൽ പലയിടത്തായി കാണപ്പെടുകയായിരുന്നു. ശ്രീ.പവിത്രൻ (PO), ശ്രീ.പ്രസന്നകുമാർ (CEO) എന്നിവരുടെ മൊബൈൽ ഫോൺ, ശ്രീ.ബാബുരാജ് എം.വിയുടെ PAN കാർഡ് എന്നിവ ടി കെട്ടിടത്തിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. എക്സൈസ് ഉദ്യോഗസ്ഥർ വിശ്രമത്തിനായി ഉപയോഗിക്കുന്ന മുറിയിൽ നിന്നും 31/12/2015 ന് 7.20ന് നടത്തിയ വിജിലൻസ് പരിശോധനയിൽ തറയിൽ 20 കെട്ടുകളിലായി കാണപ്പെട്ടത് കൈക്കൂലി പണമാണെന്ന് കരുതാവുന്നതാണെന്നും ആയത് മേൽ പരാമർശിച്ച ഡ്യൂട്ടി ടേണിൽ ഉണ്ടായിരുന്നവർ കൊണ്ടിട്ടതാണെന്നും, മിന്നൽ പരിശോധന സമയം ഇതു സംബന്ധിച്ച് വ്യക്തമായ മുൻ വിവരം കിട്ടിയിരുന്നെന്നും വിജിലൻസ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. PCDR പ്രകാരവും, അറ്റൻഡൻസ് രജിസ്റ്റർ പ്രകാരവും ഡ്യൂട്ടിയിൽ ഇല്ലാത്തതിനാലാണ് എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ശ്രീകുമാർ പ്രതി ചേർക്കപ്പെടാതിരുന്നതെന്ന വസ്തുതയും പ്രതി ചേർക്കപ്പെട്ടവരിൽ വിരമിച്ചതിനാൽ ട്രിബ്യൂണൽ അന്വേഷണത്തിൽ നിന്നും ഒഴിവായവർക്കെതിരെ (A3. ശ്രീ.എം.വി.ബാബുരാജ്, A4 ശ്രീ.എം.പവിത്രൻ) വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്ന വസ്തുതയും പരിഗണിക്കുമ്പോൾ മറ്റുള്ളവരെ മനഃപൂർവം ഒഴിവാക്കി എന്ന വാദം വാസ്തവവിരുദ്ധമാണ്. ടി കെട്ടിടത്തിൽ നിന്ന് 20 ബണ്ടിലുകളിലായി മുറിയിൽ പലയിടത്തായി പണം കണ്ടെത്തിയ സാഹചര്യത്തിൽ കുറ്റാരോപിതരുടെ വാദങ്ങൾ മാത്രം

ഉൾക്കൊണ്ടുകൊണ്ട് നടപടി ഒഴിവാക്കുന്നത് യുക്തമല്ല. ടി ചെക്ക് പോസ്റ്റിലെ ഉദ്യോഗസ്ഥർ സ്ഥിരമായി മാമൂൽ വാങ്ങാറുണ്ടെന്നതിനും ടി ഉദ്യോഗസ്ഥർ 6.30. am ന ഡ്യൂട്ടി കഴിഞ്ഞു സംഭവസ്ഥല കെട്ടിടത്തിലേക്ക് കയറിപ്പോകുന്നത് കണ്ടതിനും സാക്ഷികളുണ്ട്. സാക്ഷികളെ വിസ്തരിച്ചും തെളിവുകൾ പരിശോധിച്ചും ഔപചാരികവും വിശദവുമായ ഒരു അന്വേഷണം ഈ വിഷയത്തിൽ ആവശ്യമാണെന്നു കാണുന്നു.

7. മേൽ സാഹചര്യങ്ങളിൽ വിജിലൻസ് ട്രൈബ്യൂണൽ എൻക്വയറി നടത്തുന്നതിനുള്ള തീരുമാനം ഒഴിവാക്കുന്നതിനായി കുറ്റാരോപിതർ ഉന്നയിച്ചിട്ടുള്ള വാദഗതികൾ പര്യാപ്തമല്ലാത്തതിനാൽ വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്ത പ്രകാരം കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം എക്സൈസ് ചെക്ക് പോസ്റ്റിൽ എക്സൈസ് ഉദ്യോഗസ്ഥരായിരുന്ന A1.ശ്രീ.എ.വി.രാജീവൻ, A2. ശ്രീ.വി.പ്രസന്നകുമാർ, എന്നിവർക്കെതിരെ കേരള സിവിൽ സർവ്വീസ്(വിജിലൻസ് ട്രൈബ്യൂണൽ) റൂൾസ് 1960 പ്രകാരം കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ മുഖേന അന്വേഷണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണലിൽ സർക്കാരിന് വേണ്ടി കേസ് നടത്തുന്നതിനായി വിജിലൻസ് ഡയറക്ടറുടെ ലീഗൽ അഡ്വൈസറിനെ/ അഡിഷണൽ ലീഗൽ അഡ്വൈസറിനെ ചുമതലപ്പെടുത്തുന്നു.

9. കുറ്റാരോപണ മെമ്മോയിൽ പരാമർശിച്ചിരിക്കുന്ന തെളിവ് രേഖകളുടെ അസ്സലുകൾ /സെർട്ടിഫൈഡ് പകർപ്പുകൾ, വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടർ, വിജിലൻസ് ട്രൈബ്യൂണലിനു നേരിട്ട് കൈമാറേണ്ടതാണ്.

10. ടി കേസ് സംബന്ധിച്ച വസ്തുതകൾ വിജിലൻസ് ട്രൈബ്യൂണൽ മുമ്പാകെ കാര്യക്ഷമമായി അവതരിപ്പിക്കുന്നതിനുവേണ്ട സഹായങ്ങൾ ലീഗൽ അഡ്വൈസർക്ക്/അഡിഷണൽ ലീഗൽ അഡ്വൈസർക്ക് വിജിലൻസ് ഡയറക്ടർ/എക്സൈസ് കമ്മിഷണർ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ റ്റി
അഡിഷണൽ സെക്രട്ടറി

വിജിലൻസ് ട്രൈബ്യൂണൽ കോഴിക്കോട് (ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള രേഖകൾ സഹിതം. രേഖകൾ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ് )
എക്സൈസ് കമ്മിഷണർ, തിരുവനന്തപുരം.
ശ്രീ.എ.വി രാജീവൻ, സിവിൽ എക്സൈസ് ഓഫീസർ, എക്സൈസ് ചെക്ക് പോസ്റ്റ്, മഞ്ചേശ്വരം, കാസർഗോഡ്. (S/o കൃഷ്ണൻ, കൃഷ്ണഭവൻ, നീലേശ്വരം, കാസർകോഡ് ജില്ല) -എക്സൈസ് കമ്മിഷണർ മുഖാന്തരം.
ശ്രീ.പ്രസന്നകുമാർ.വി, സിവിൽ എക്സൈസ് ഓഫീസർ, എക്സൈസ് ചെക്ക് പോസ്റ്റ്, മഞ്ചേശ്വരം, കാസർഗോഡ്. (S/o ജാനകി വൈക്കത്ത് , വൈക്കത്ത് ഹൗസ്, ഇളമ്പച്ചി സൗത്ത്. തൃക്കരിപ്പൂർ ഗ്രാമം, കാസർഗോഡ് ജില്ല) -എക്സൈസ് കമ്മിഷണർ മുഖാന്തരം.
ഡയറക്ടർ,വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,തിരുവനന്തപുരം
ലീഗൽ അഡ്വൈസർ/അഡിഷണൽ ലീഗൽ അഡ്വൈസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ.

സ.ഉ.(കൈ) നം.8/2023/VIG

നികുതി വകുപ്പ്
വെബ് & ന്യൂ-മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Anjana M R
Date: 24-11-2023 11:51:34
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ- യ്ക്ക്.